# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**78 (*571) ഇടുക്കി പാക്കേജ്**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, 765 കോടി രൂപ അടങ്കൽ തുകയുള്ള ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന കേന്ദ്രത്തിൽ സമർപ്പിച്ച 391 കോടി രൂപയുടെ പദ്ധതികളിൽ 234 കോടി രൂപയുടെ പ്രോജക്ടുകൾ അംഗീകരിക്കുകയും 104 കോടി രൂപ അനുവദിക്കുകയും ചെയ്തതിൽ ഇതിനോടകം 65 കോടി രൂപ വിനിയോഗിച്ചുവെന്ന് സഭയെ അറിയിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും നിലവിലുള്ള സമിതിക്ക് പുറമെ പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതാണ്. ഇടുക്കി പാക്കേജിന്റെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ 500 കോടി രൂപ അനുവദിച്ചിട്ടുള്ള വില സ്ഥിരതാ ഫണ്ടിന്റെ സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനായി 250

കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇടുക്കിയെ സമ്പൂർണ്ണ ക്ഷീര സ്വയംപര്യാപ്ത ജില്ലയാക്കി മാറ്റുന്നതിന് സമഗ്ര കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകുകയും 50,000 കുടുംബങ്ങൾക്ക് ഒരു ലക്ഷം പശുക്കളെ വിതരണം ചെയ്യുന്നതിനുള്ള 499 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. രാസ-ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും ഗുണ നിലവാരം പരിശോധിക്കുന്നതിനായി ഒരു സെൻട്രലൈസ്ഡ് ലബോറട്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും മാരകമായ കീടനാശിനികൾ അനധികൃതമായി കൊണ്ടുവരുന്നത് പരിശോധിക്കാനും പിടിച്ചെടുക്കാനുമായി കൃഷി ഓഫീസറുടെ നേതൃത്വ ത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോലാഹലമേട്ടിൽ ആരംഭിക്കുന്ന ഹൈടെക് ഡയറി ഫാമിന്റെ ഉദ്ഘാടനം ജനുവരി മാസം നടത്തുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ഐശ്വര്യ സമിതി മൂന്ന് തവണ യോഗം ചേർന്നിട്ടുണ്ടെന്നും കോർ നെറ്റ് വർക്കിൽ ഉൾപ്പെടുത്തേണ്ട റോഡുകളെ സംബന്ധിച്ച പരാതികൾ ഉയർന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരം പുതിയ ലിസ്റ്റ് തയ്യാറാക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിലവിലുള്ള നോംസിൽ ഇളവ് വരുത്തി 6 മീറ്റർ വീതിയുള്ള റോഡുകൾകൂടി ഉൾപ്പെടുത്തി പി.എം.ജി. എസ്.വൈ. പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണെന്നും ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകു ന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**79 (*572)** **<u>അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, തൊഴിൽതേടി വരുന്ന അന്യസംസ്ഥാന തൊഴിലാളികളോടൊപ്പം അവരുടെ കുടുംബങ്ങളും കേരളത്തിൽ എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും കുടിയേറ്റ തൊഴിലാളി ക്ഷേമനിധിയിലെ വ്യവസ്ഥകൾപ്രകാരം ഇവരുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയതിന്റെ ഭാഗമായി സ്വദേശം, കുടുംബാംഗങ്ങളുടെ പേര്, എണ്ണം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 24-10-2011 വരെയുള്ള കണക്കു പ്രകാരം 18206 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കുടുംബാംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. ലയോള കോളേജ്, രാജഗിരി കോളേജ് എന്നിവയുടെ മേൽനോട്ടത്തിൽ ഇവരുടെ എണ്ണത്തെ സംബന്ധിച്ച കൃത്യമായ കണക്കെടുക്കാനും സർവ്വേ നടത്താനും ഒരു പ്രോജക്ട് നടപ്പാക്കുന്നതിന്റെ സാദ്ധ്യതയെപ്പറ്റി ആരായുന്നതാണ്. നിലവിൽ ഇവരുടെ രജിസ്ട്രേഷൻ, കാർഡ് വിതരണം എന്നിവ നിർവ്വഹിക്കുന്നതിനായി കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് മുൻസർക്കാർ 10 കോടി രൂപ നീക്കിവച്ചിരുന്നുവെങ്കിലും അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് ലഭ്യമായാൽ മാത്രമേ ഈ ക്ഷേമനിധിയിൽ നിന്നും അവർക്ക് കോമ്പൻസേഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിക്കൂ. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലകളിൽ ലേബർ ക്യാമ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും ഇവർക്കായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കു

ന്നുണ്ടെന്നും തൊഴിലിടങ്ങളിൽ പരിശോധന നടത്താറുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കരാറുകാരൻ ലൈസൻസെടുക്കണമെന്നുള്ളത് കർശനമാക്കി യിട്ടുണ്ട്. ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ടിലെയും കോൺട്രാക്ട് ലേബർ ആക്ടിലെയും വ്യവസ്ഥകളനുസരിച്ച് മാത്രമേ അന്യസംസ്ഥാന തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കാൻ പാടുള്ളൂവെന്ന നിബന്ധന ഘട്ടംഘട്ടമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാന തൊഴിലാ ളികളുടെയിടയിലുള്ള കുറ്റവാസനകൾ തടയുന്നതിന് നിലവിൽ നിയമ ങ്ങളുണ്ട്; എന്നാൽ ഇവരിൽ മുഴുവൻ പേരെയും കുറ്റവാളികളായി ചിത്രീകരി ക്കുന്നത് കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് ഉപചോദ്യത്തിന് മറുപ ടിയായി മന്ത്രി അറിയിച്ചു.

**80 (*573) <u>റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രവർത്തനങ്ങൾ</u>**

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, പ്രാഥമിക സഹകരണ സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമായ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ അംഗസംഘങ്ങളുടെ പ്രവർത്തനമില്ലാത്ത മേഖലകളിൽ സംഭരണ ശാഖകൾ തുടങ്ങി ന്യായവില നൽകി റബ്ബർ സംഭരിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും റബ്ബർ കർഷകരെ സംരക്ഷിക്കുകയും ഗുണമേന്മയേറിയ വളവും കാർഷിക യന്ത്ര സാമഗ്രികളും ന്യായവിലയ്ക്ക് വില്പന നടത്തുകയും റബ്ബറിന് വില തകർച്ചയുണ്ടാകുമ്പോൾ സർക്കാർ നിശ്ചയിക്കുന്ന താങ്ങുവില നൽകി റബ്ബർ സംഭരിക്കുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനായി കർഷകരിൽ നിന്ന് സംഭരിക്കുന്ന റബ്ബർ സംസ്ക്കരിച്ച് റബ്ബറധിഷ്ഠിത ഉല്പന്നങ്ങളാക്കി വിപണനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ

നിർമ്മിക്കുന്നതിനായി റബ്ബർപാൽ സംസ്ക്കരിച്ച് അന്താരാഷ്ട്ര ഗുണനിലവാരമുള്ള ബലൂണുകളും റബ്ബർ ബാൻഡുകളും നിർമ്മിക്കുന്നതിനായി ഫെഡറേഷന്റെ മുഖ്യ പങ്കാളിത്തത്തോടെ മലേഷ്യൻ കമ്പനിയുമായി ചേർന്ന് റൂബക്ക് ബലൂൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി പ്രവർത്തിച്ചുവരുന്നു. എന്നാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന റബ്ബറിന്റെ 10 ശതമാനത്തിൽ താഴെ മാത്രമാണ് ഫെഡറേഷൻ കൈകാര്യം ചെയ്യുന്നത്. നിലവിൽ 160 കോടി രൂപയുടെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ വിവിധ സഹകരണ സംഘങ്ങൾക്കായി 69.65 കോടി രൂപ നൽകാനുണ്ടെന്നും നഷ്ടം നികത്തുന്ന വിഷയം മുഖ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും നേതൃത്വത്തിൽ എൻ.സി. ഡി.സി., പ്രാഥമിക സഹകരണ സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് ഫെഡ റേഷൻ എന്നിവയുടെ പ്രതിനിധികളുമായി ചർച്ച നടത്തി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന് റബ്ബർ ബോർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്നും ഈ സ്ഥാപനത്തെ ലാഭകരമായി പ്രവർത്തിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകുന്നതിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന കാര്യം സർക്കാർ ആലോചിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**81 (*574) <u>ഗവൺമെന്റ് പ്രസ്സുകളുടെ വികസനം</u>**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആധുനിക സാങ്കേതിക വിദ്യകൾ ഗവൺമെന്റ് പ്രസ്സു കൾക്ക് ബാധകമാക്കിയിട്ടുണ്ടെന്നും മണ്ണന്തല, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സുകൾക്ക് 4.6 കോടി രൂപ ചെലവിൽ രണ്ട് ഫോർകളർ വെബ് ഓഫ്സെറ്റ്

മെഷീനുകളും വാഴൂർ ഗവൺമെന്റ് പ്രസ്സിന് 1,59,54,534/- രൂപയുടെ ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീനും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എച്ച്.എം.ടി.-യിൽ നിന്നും 2.35 കോടി രൂപ ചെലവിൽ ബൈ ബാക്ക് സ്കീമിൽ വാങ്ങിയ മെഷീനുകൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. എച്ച്.എം.ടി. നിർമ്മിത ഷീറ്റ് ഓഫ്സെറ്റ് മെഷീൻ പൂജപ്പുര ഗവൺമെന്റ് പ്രസ്സിൽ സ്ഥാപിക്കുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പോസ്റ്റ് പ്രസ്സ് യന്ത്ര സംവിധാനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. സർക്കാർ പ്രസ്സുകളിലെ ജീവനക്കാർക്ക് ആധുനിക അച്ചടിവിദ്യകളിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അച്ചടിമേഖലയിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണ നടപടികൾ അന്തിമഘട്ടത്തിലാണെന്നും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നോട്ടിഫിക്കേഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഗസറ്റ് വിജ്ഞാപനങ്ങൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5604 മുതൽ 5854 വരെയുള്ള ചോദ്യങ്ങളിൽ 156 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)